**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4275** **06-03-2023 - ൽ മറുപടിയ്ക്ക്**

**സ്വർണ്ണത്തിൽ നിന്നും ലഭിക്കുന്ന നികുതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെൻറ് ,<br>ശ്രീമതി ഉമ തോമസ്,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. ടി. സിദ്ദിഖ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സ്വർണ്ണത്തിൽ നിന്നും ലഭിക്കുന്ന നികുതി വാറ്റ് നികുതി കാലഘട്ടത്തെ അപേക്ഷിച്ച് ഗണ്യമായി കുറഞ്ഞു എന്നത് വസ്തുതയാണോ; എങ്കിൽ സ്വർണ്ണത്തിൽ നിന്നുമുള്ള നികുതി വെട്ടിപ്പ് തടയാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) | ജി.എസ്.ടി. സമ്പ്രദായത്തിന്റെ തുടക്കത്തിൽ വിഭാവനം ചെയ്ത റിട്ടേൺ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. അതു കാരണം ചരക്കുകളുടെ ഇനം തിരിച്ചുള്ള കൃത്യമായ നികുതി അടവ് സംബന്ധിച്ചുള്ള വിവരങ്ങൾ നിലവിൽ ലഭ്യമാകാത്ത സ്ഥിതിയാണ്. സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5% ആയിരുന്നു നികുതി നിരക്ക്. ജി എസ് ടി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3% ആയിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാവുകയുള്ളൂ. എന്നിരുന്നാലും സ്വർണ്ണമേഖലയിലെ നികുതി വെട്ടിപ്പ് തടയുന്നതിന് ജി എസ് ടി വകുപ്പ് പ്രത്യേക ശ്രദ്ധ ചെലുത്തിവരുന്നു. കേരളം നിരന്തരം ആവശ്യപ്പെട്ടിരുന്ന സ്വർണ്ണത്തിന്റെ സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾക്ക് ഇ-വേ ബിൽ നടപ്പിലാക്കുന്നതിൽ ജി എസ് ടി കൗൺസിൽ തീരുമാനമെടുത്തിട്ടുണ്ട്. വകുപ്പിന്റെ ഇന്റലിജൻസ് & എൻഫോഴ്സ്മെന്റ് വിഭാഗം സംസ്ഥാനത്തുടനീളം നികുതി വെട്ടിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. നികുതി വെട്ടിപ്പ് സംബന്ധിച്ച വിവരം ശേഖരിക്കാൻ ഇൻഫോർമർ റിവാർഡ് സ്കീം നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) | സ്വർണ്ണത്തിന്റെ ഉപഭോഗം രാജ്യത്ത് മുന്നിട്ട് നിൽക്കുന്ന സംസ്ഥാനത്ത്, സ്വർണ്ണത്തിൽ നിന്നുമുള്ള നികുതി കുറയാനുണ്ടായ സാഹചര്യം വിശദമാക്കാമോ? | (ബി) | സംസ്ഥാനത്ത് വാറ്റ് നികുതി കാലഘട്ടത്തിൽ സ്വർണ്ണത്തിന് 5% ആയിരുന്നു നികുതി നിരക്ക്. ജി എസ് ടി നിയമം പ്രാബല്യത്തിൽ വന്നപ്പോൾ സ്വർണ്ണത്തിന് നികുതി നിരക്ക് 3% ആയിട്ടാണ് നിർണ്ണയിച്ചത്. ഇതിന്റെ പകുതി മാത്രമേ സംസ്ഥാനത്തിന് ലഭ്യമാവുകയുള്ളൂ. |

സെക്ഷൻ ഓഫീസർ